# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

അന്തർസർവ്വകലാശാല/സ്കൂൾ സെന്ററുകൾ-സർവ്വകലാശാല പഠന വകുപ്പുകളിലും സെന്ററുകളിലും പ്രൊജക്റ്റ് കാലാവധിക്ക് ശേഷം ജീവനക്കാർ തുടരുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണവിഭാഗം എ 7 സെക്ഷൻ**

**യു.ഓ.നം: 3885/എ 7/2/2018/ഭ.വി.** **പ്രിയദർശിനി ഹിൽസ്, തീയതി: 08/05/2018**

പരാമർശം: 1. യു.ഓ.നം: 6449(A)/എ7/3/2017/ഭ.വി., തീയതി:31.10.2017

2. രജിസ്ട്രാറുടെ കുറിപ്പ് നം:രജി/03/502/2018, തീയതി:08.01.2018

3. എഫ്.ഓ.യുടെ 01.02.2018 ലെ രജിസ്ട്രാർക്കുള്ള കുറിപ്പ്

4. 24.03.2018 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നം.67/18.03/181161

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി പഠന വകുപ്പുകളിലും സെന്ററുകളിലും നിയമിച്ചിട്ടുള്ളവരുടെ സേവനം പ്രൊജക്ടിന്റെ കാലാവധി തീർന്നാലുടൻ തന്നെ അവസാനിപ്പിക്കണമെന്നും 01.11.2017 ന് ശേഷം യാതൊരു കാരണവശാലും പ്രൊജക്റ്റ് കാലാവധിക്ക് ശേഷം അവരെ തുടരാൻ അനുവദിക്കരുതെന്നും, വേതനം നൽകരുതെന്നും ഡയറക്ടർമാർക്ക് കർശന നിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി പഠന വകുപ്പുകളിലും സെന്ററുകളിലും പ്രൊജക്റ്റ് കാലാവധി കഴിഞ്ഞതിന് ശേഷവും ജീവനക്കാർ തുടരുന്നുണ്ടോ എന്നതിന്റെ റിപ്പോർട്ട് പരാമർശം (2) പ്രകാരം രജിസ്ട്രാർ ഭരണവിഭാഗം എ7 സെക്ഷനോടും ഫിനാൻസ് ഓഫീസറോടും തേടിയിരുന്നു.

ഫിനാൻസ് ഓഫീസറുടെയും ബന്ധപ്പെട്ട ഭരണവിഭാഗം സെക്ഷന്റെയും ലീഗൽ സെക്ഷന്റെയും റിപ്പോർട്ടുകൾ പരിഗണിച്ച് വിഷയം നിയമ കാര്യങ്ങൾക്കായുള്ള സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി വഴി സിൻക്കേറ്റിന് മുൻപാകെ സമർപ്പിക്കുവാൻ ബഹു: വൈസ് ചാൻസിലർ ഉത്തരവായിരുന്നു.

മേൽ വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് പരാമർശം (4) പ്രകാരം സിൻഡിക്കേറ്റിന്റെ മുൻ തീരുമാനം നടപ്പാക്കുവാനും സർവ്വകലാശാലയുടെ താൽപര്യം സംരക്ഷിച്ച് കേസ് തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ സ്റ്റാൻഡിംഗ് കൗൺസലിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

പരാമർശം (1) സർവ്വകലാശാല ഉത്തരവിന് അടിസ്ഥാനമായ 17/10/2017 ലെ സിൻഡിക്കേറ്റ് തീരുമാനം നടപ്പാക്കുന്നതിനെതിരെ IIRBS ലെ പ്രൊജക്ടിലെ താത്കാലിക ജീവനക്കാർ സമർപ്പിച്ച 34972/17 നമ്പർ ഹർജിയിൽ സർവ്വകലാശാലയ്ക്ക് വേണ്ടി സ്പെഷ്യൽ കൗൺസൽ ആണ് ഹാജരായിരുന്നത് എന്ന വസ്തുത പരിഗണിച്ച് സൂചന മിനിറ്റ്സിലെ "സ്റ്റാൻഡിംഗ് കൗൺസൽ" എന്നതിന് പകരം "സ്പെഷ്യൽ കൗൺസൽ" എന്ന് തിരുത്തി ഉത്തരവ് ഇറക്കുന്നതിന് 03.05.2018 ൽ ബഹു: വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ 1985 ലെ സർവ്വകലാശാല ആക്ട് 3.10(17) പ്രകാരം അനുമതി നല്കി ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സുനിൽ ബാബു കെ.
ഡെപ്യൂട്ടി രജിസ്ട്രാർ-III (ഭ.വി.)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. എല്ലാ അന്തർസർവ്വകലാശാല/സ്കൂൾ സെന്ററുകളുടെ മേധാവി
2. വൈസ് ചാൻസലറുടെ/പ്രോ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.
4. ജെ.ആർ-I (ഭ.വി.)/ഡി.ആർ-III (ഭ.വി.)
5. പി.ആർ.ഓ.
6. ഫിനാൻസ് -I/IV, ഓഡിറ്റ് I/V, എസി സി സെക്ഷൻ
7. ജോയിൻറ് ഡയറക്ടർ, കെ.എസ്.എ.ഡി (എം.ജി.യു ഓഡിറ്റ്)
8. ഐക്യു എസി/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
9. റിക്കോർഡ്സ് സെക്ഷൻ
10. സ്റ്റോക്ക് ഫയൽ, ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: രജിസ്ട്രാർ/03/502/2018